# രാജർഷി


| പുസ്തകം 7 | 1116 കക്കിടകം. | ലക്കം 12 |
|---|---|---|


## മംഗളം.

—*—

നിപുണതയററവർ, കസൃതിയിൽ
വിപുലതയുള്ളോരെതിർത്തട്ടത്തെന്നാൽ
വപുഷി ശരങ്ങൾ വിടും ഖല-
രിപുകുലകാലൻ ജയിക്ക രാജർഷി!

ഗോവർദ്ധനാചാര്യർ

## ലീലാതിലകത്തിലെ മംഗളപദ്യം.

"ലീലാതിലകത്തിലെ മംഗളശ്ലോകം" എന്ന തലക്കെട്ടിൽ അതിനു സ്വകീയമായ ഒരു വ്യാഖ്യാനം വ്യാകരണസാഹിത്യശിരോമണി, ശ്രീമാൻ പി. കൃഷ്ണൻനായരവർകൾ മദിരാശി കേരളസമാജം വക 1940-ലെ പ്രസിദ്ധീകരണമായ 'കേരളോപഹാര'ത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതു് ഞാൻ വായിക്കുകയുണ്ടായി. ശ്രീമാൻ നായർ എഴുതിയിരുന്ന വ്യാഖ്യാനത്തെ ഖണ്ഡിച്ചുകൊണ്ടു് പ്രസ്തുത ശ്ലോകാർത്ഥം മറെറാരു തരത്തിൽ ശിരോമണി, ശ്രീമാൻ കെ. പി. നാരായണപ്പിഷാരോടി 1116-കുംഭം ലക്കം രാജർഷിയിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതും കാണുകയുണ്ടായി. ഇവരുടെ രണ്ടുപേരുടേയും വ്യാഖ്യാനസാരം താഴെ ചേർക്കുന്നു.

മി. കൃഷ്ണൻനായരുടെ വ്യാഖ്യാനം:— 'പാലോടു തുല്യമായ നിറമുള്ളതും മൌലിയിലുല്ലസിക്കുന്നതുമായ ബാലേന്ദുവിൻെറ (ദേവീസംബന്ധിയായ) മുഗ്ദ്ധസ്മിതമോ എന്നുതോന്നും പ്രകാരമിരിക്കുന്ന വെണ്ണിലാവിനെ കോലുന്നതും പൂർണ്ണമായ കാരുണ്യം

കൊണ്ടു് ആകുലങ്ങളായ മിഴികളോടുകൂടിയതുമായ വാസുദേവത എൻെറ മനസ്സിൽ തോന്നണം' എന്നിങ്ങനെയാണ്. ഈ പക്ഷത്തിൽ – പാലോടുതുല്യരുചിമൌലിയില്ലസിക്കും ബാലേന്ദുമന്ദമൃദുലസ്മിതവെണ്ണിലാവു് – എന്നതു് സമസ്തപദവും കോലിൻെറ എന്നതു് വ്യസ്തപദവുമാണ്.

മി. പിഷാരോടിയുടെ വ്യാഖ്യാനം:— പാലിനോടു തുല്യമായ രുചിയോടു കൂടിയതും മൌലിയിൽ ഉല്ലസിക്കുന്ന ബാലേന്ദുവോടുകൂടിയതും മന്ദവും മൃദുലവുമായ സ്മിതമാകുന്ന വെണ്ണിലാവോടുകൂടിയതും കോലുന്നതായ പൂർണ്ണകരുണാകുലദൃഷ്ടിയോടുകൂടിയതും ആയ വാസുദേവത എൻെറ മനസ്സിൽ തോന്നണം' എന്നിങ്ങനെയാണ്. ഈ പക്ഷത്തിൽ പാലോടുതുല്യരുചി, മൌലിയില്ലസിക്കും ബാലേന്ദു, മന്ദമൃദുലസ്മിത വെണ്ണിലാവു്, കോലിൻെറ പൂർണ്ണകരുണാകുലദൃഷ്ടി, എന്നിങ്ങനെ പദച്ഛേദം. ഓരോന്നും ബഹുവ്രീഹിസമാസവുമാണ്.

ഈ രണ്ടുപേരുടേയും വ്യാഖ്യാനങ്ങളിൽ സമുചിതവും യുക്തതരവുമായിട്ടുള്ളതു് ഏതാണെന്നാണ് ഇനി പരിശോധിക്കേണ്ടതു്. കാരണം വ്യക്തമാക്കാതെ ഒന്നു ശരി, ഒന്നു തെററു് എന്നു പറയുന്നതു ഭോഷത്തമാണ്. ഞാൻ ഇപ്രകാരം പറയുന്നതു് ഇയ്യിടെ കൈരളിയിൽ മിസ്റ്റർ കെ. വി. യം. പിഷാരോടിയുടെ വ്യാഖ്യാനമാണ് സമുചിതമെന്നു വിചാരിച്ചുകൊണ്ടു് "മി. കൃഷ്ണൻ നായരെപ്പോലെ ലീലാതിലകത്തിൽ വിജാതീയമായ പാണ്ഡിത്യമുള്ളവനായിട്ടു് വേറെ ആരുമില്ലെന്നു് അദ്ദേഹം ലീലാതിലകത്തിലെ ആദ്യത്തെ മംഗളശ്ലോകത്തിന്നു് എഴുതിയ വ്യാഖ്യാനംകൊണ്ടുതന്നെ കേരളീയർ അറിഞ്ഞിട്ടുണ്ടായിരിക്കും" എന്നും മററും പരിഹാസസൂചകമായി എഴുതിയിരുന്നതു കണ്ടതുകൊണ്ടു മാത്രമാണ്. മി. പിഷാരോടിയുടെ വ്യാഖ്യാനം സർവ്വാത്മനാ ശരിയാണെന്നും മറേറതു തെററാണെന്നും സയുക്തികം സ്ഥാപിച്ചു് ഇങ്ങിനെ പരിഹസിച്ചിരുന്നുവെങ്കിൽ ആർക്കും ആക്ഷേപത്തിന്നവകാശമില്ല. വാസ്തവത്തിൽ പിഷാരോടിയുടെ അർത്ഥം കൃഷ്ണൻനായരുടേതിനേക്കാറം ചിന്താശീലമില്ലാത്ത സാധാരണജനങ്ങൾക്കു രുചിക്കാൻ അവകാശമുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു. എന്നാൽ മി. കൃഷ്ണൻനായർ സാധാരണജനസുഗമമായ ഈ അർത്ഥം ഉപേക്ഷിച്ചു് മറെറാരുതരത്തിൽ വ്യാഖ്യാനിച്ചതു് പ്രസ്തുത വ്യാഖ്യാനത്തിന്നു് എന്തെങ്കിലും ന്യൂനതയുണ്ടെന്നു കരുതീട്ടാകാനേ വഴിയുള്ളു. ഏതൊരു സംഗതിയും ആമൂലാഗ്രം ഗാഢമായി വിചിന്തനംചെയ്യാതെ ശ്രീമാൻ നായർ എഴുതുകയോ പറയുകയോ ചെയ്യുക പതിവില്ലെന്നു് അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലും ലേഖനങ്ങളിലും പരിചയമുള്ളവക്കൊക്കയും അറിയാം.

മി. പിഷാരോടിയുടെ വ്യാഖ്യാനത്തിന്നു് ആധാരം ബഹുവ്രീഹിയാണ്. ബഹുവ്രീഹിക്കു് നിലയില്ലെങ്കിൽ പിന്നെ വ്യാഖ്യാനത്തിൻെറ

സ്ഥിതി പറയാനുണ്ടോ? പാദലോട്ട തുല്യരുചി, മൌലിയിലുല്ലസിക്കും ബാലേന്ദു, എന്നിവയിൽ ബഹുവ്രീഹി പറഞ്ഞൊപ്പിക്കാമെങ്കിലും "മന്ദമൃദുലസ്മിതവെണ്ണിലാവ്" എന്നതിൽ ബഹുവ്രീഹി ഘടിക്കയില്ല. ഇത്തരം ബഹുവ്രീഹി യുക്തിക്കും അനുഭവത്തിന്നും വിരുദ്ധവും സാഹിത്യലോകബാഹ്യവുമാണ്. കേവലം രൂപകസമാസമാണെങ്കിലേ സ്മിതവെണ്ണിലാവ് എന്ന് വരികയുള്ളൂ. ബഹുവ്രീഹിയാണെങ്കിൽ നേരേമറിച്ച് വെണ്ണിലാസ്മിതം എന്നാണ് പ്രയോഗിക്കേണ്ടത്. കേവലം രൂപകസമാസസ്ഥലത്ത് മുഖചന്ദ്രൻ എന്നും നേരേമറിച്ച് ബഹുവ്രീഹിസ്ഥലത്ത് ചന്ദ്രമുഖൻ, ചന്ദ്രമുഖി എന്നുമല്ലേ രൂപം കണ്ടിരിക്കുന്നത്. മുഖചന്ദ്രൻ' മുഖചന്ദ്രീ മുഖചന്ദ്രാ എന്നിപ്രകാരം ബഹുവ്രീഹിയിൽ വല്ല രൂപവും മി. പിഷാരോടി കണ്ടിട്ടുണ്ടോ? എന്നാലല്ലേ, അതിന്നു സമാനയോഗക്ഷേമമായി "സ്മിതവെണ്ണിലാവ്" എന്നതു ബഹുവ്രീഹിയാണെന്നു വിചാരിക്കാൻ അവകാശമുള്ളൂ.

കേവലം രൂപകസ്ഥലത്ത് ഉപമാനപ്രതിയോഗികമായ അഭേദസംബന്ധത്തെ പുരസ്കരിച്ചു ബോധകങ്ങളാകുന്ന ഉപമാനോപമേയങ്ങളുടെ സമാസവിവക്ഷയിൽ "വിശേഷണം വിശേഷ്യേണ ബഹുലം" എന്ന വിശേഷണസമാസത്തെ ബാധിച്ചുകൊണ്ട് "മയൂരവ്യംസകാദയശ്ച" എന്ന സൂത്രം പ്രവർത്തിക്കുന്നതാകയാൽ "മുഖചന്ദ്രൻ" എന്നിങ്ങനെയല്ലാതെ "ചന്ദ്രമുഖം" എന്ന വിധത്തിൽ രൂപം വരികയില്ല. താദൃശരൂപം അസാധുവാണ്. ബഹുവ്രീഹിയിലെ സ്ഥിതി നേരേമറിച്ചാണ്. ബഹുവ്രീഹിവിവക്ഷയിൽ ചന്ദ്രമുഖൻ, ചന്ദ്രമുഖി എന്നിങ്ങനെ ആരോപവിഷയവാചകം ഉത്തരപദമായിട്ടല്ലാതെ, മുഖചന്ദ്രീ, മുഖചന്ദ്രാ എന്നോ മറേറാ ആരോപ്യമാണവാചകം ഉത്തരപദമായിട്ടുള്ള രൂപം പ്രയോഗാർഹമല്ല; പ്രയോഗിച്ചുകണ്ടിട്ടുമില്ല. അതിന്നുള്ള കാരണം, അന്വയയോഗ്യായോഗ്യതമാണുതാനും. ബഹുവ്രീഹി അന്യപദാർത്ഥപ്രധാനമാകയാൽ അന്യപദാർത്ഥത്തിൽ സാക്ഷാൽ അന്വയിക്കേണ്ട അർത്ഥത്തെ കുറിക്കുന്ന പദം സമാസത്തിൽ ഉത്തരപദമായും തദർത്ഥത്തിൽ അന്വയിക്കുന്ന അർത്ഥത്തെ കുറിക്കുന്ന പദത്തെ അതിന്ന് പൂർവ്വപദമായുമാണ് പ്രയോഗിക്കേണ്ടത്. എന്നാലേ അന്വയം സുഘടമാകയുള്ളൂ. ബഹുവ്രീഹിയിലെ അന്യപദാർത്ഥത്തിൽ സാക്ഷാൽ അന്വയയോഗ്യതം ആരോപവിഷയത്തിന്നാണ്, ആരോപ്യമാനത്തിന്നല്ല എന്നതു തീർച്ചയല്ലേ? അതുകൊണ്ടാണല്ലോ "ചന്ദ്രമുഖീ" എന്നല്ലാതെ മുഖചന്ദ്രീ, മുഖചന്ദ്രാ എന്നൊന്നും രൂപമില്ലാത്തത്. ഈ സ്ഥിതിക്ക് സ്മിതവെണ്ണിലാവ്

എന്നതു് എങ്ങിനെയാണ് ബഹുവ്രീഹിയാണെന്നു പറയുക. സ്മിതവെണ്ണിലാവു എന്നതു ബഹുവ്രീഹിയാണെങ്കിൽ അതിലെ അന്യപദാൎത്ഥം വാചാമൂലം എന്ന പദം കൊണ്ടു നിൎദ്ദേശിക്കപ്പെട്ടിരിക്കുന്ന വാഗ്ദേവിയാകാനേ തരമുള്ളു. സ്മിതം വാഗ്ദേവിയുടേയും വെണ്ണിലാവു് ഇന്ദുവിന്റേയുമാകയാൽ അന്യപദാൎത്ഥമായ വാഗ്ദേവിയിൽ അന്വയയോഗ്യത്വം സ്മിതത്തിന്നല്ലാതെ വെണ്ണിലാവിന്നല്ലെന്നുള്ളതും തീൎച്ചയാണ്. അപ്പോൾ ബഹുവ്രീഹിയാണ് കവിവിവക്ഷിതമെങ്കിൽ വെണ്ണിലാസ്മിതം എന്നിങ്ങനെ സ്മിതത്തെ ഉത്തരപദമായും അതിലന്വയിക്കുന്ന വെണ്ണിലാവിനെ പൂൎവ്വപദമായും അല്ലേ പ്രയോഗിക്കേണ്ടതു്. ഇത്രപോലും ലീലാതിലകക്കാരന്നു് അറിവില്ലെന്നു വിചാരിക്കാമോ? തങ്ങളുടെ അറിവില്ലായ്മയെ ചാതുൎവ്വൈദ്യനായ ആചാൎയ്യന്റെ തലക്കിടുന്നതു് ക്ഷന്തവ്യമാണോ? സ്മിതവെണ്ണിലാവു് എന്നിടത്തു് ബഹുവ്രീഹിവിവക്ഷ ആചാൎയ്യനില്ലെന്നതിലേക്കു് 'കോലിന്റെ' എന്ന പദം തന്നെ പ്രത്യക്ഷസാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. ആ പദം അടുത്ത ബഹുവ്രീഹിയിലെ ഘടകമാണെന്നു പറയുന്നതായാൽ അജാഗളസ്തനംപോലെ വ്യൎത്ഥമാണെന്നല്ല, പുനരുക്തമാണെന്നുകൂടി സമ്മതിക്കേണ്ടിവരും. പൂൎണ്ണമായ കരുണയാൽ ആകുലങ്ങളായ ദൃഷ്ടികളോടുകൂടിയതു് 'പൂൎണ്ണകരുണാകുലദൃഷ്ടി' എന്നിങ്ങനെ ബഹുവ്രീഹി സുവചവും സുഗമവുമായിരിക്കെ "കോലിന്റെ" എന്ന പദം അനാവശ്യകമല്ലേ? താദൃശദൃഷ്ടിവൈശിഷ്ട്യരൂപസംബന്ധം ബഹുവ്രീഹിസമാസബോദ്ധ്യമായിരിക്കെ, സംബന്ധബോധകമായ "കോലിന്റെ" എന്ന പദം പുനരുക്തം കൂടിയാണല്ലോ. ഇങ്ങിനെ എല്ലാംകൊണ്ടും 'സ്മിതവെണ്ണിലാവു്' എന്ന പദം ബഹുവ്രീഹിയാക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടാണ് ശ്രീമാൻ പി. കൃഷ്ണൻ നായർ മററുപ്രകാരത്തിൽ പാലോടുതുല്യരുചിയായി മൌലിയിലുല്ലസിക്കുന്ന ബാലേന്ദുവിന്റേതായ ദേവിയുടെ സ്മിതമോ എന്നുതോന്നുംപ്രകാരമിരിക്കുന്ന വെണ്ണിലാവിനെ കോലുന്ന എന്നിങ്ങനെ വ്യാഖ്യാനിച്ചിരിക്കുന്നതു്. അല്ലാതെ ബഹുവ്രീഹിയുടെ ഓൎമ്മവരാഞ്ഞിട്ടല്ല. ഈ വസ്തുത ശ്രീമാൻ പിഷാരോടിയും ലോകവ്യുൽപത്തിക്കാരായ മൂസ്സതു് പ്രഭൃതികളും ഇനിയെങ്കിലും മനസ്സിലാക്കുമെന്നു വിശ്വസിക്കട്ടെയോ? സാഹിത്യത്തിൽ പരിചയമുള്ളവരാരും സ്മിതവെണ്ണിലാവു് എന്ന പദം ബഹുവ്രീഹിയാണെന്നു വിചാരിപ്പാൻ അവകാശമില്ലെന്നുള്ള വിചാരത്താലോ മററോ ശ്രീമാൻ നായർ ഈ വസ്തുത വിവരിക്കാതിരുന്നതുകൊണ്ടാണോ പിഷാരോടിക്കു് ഇത്തരം പ്രമാദം പററിപ്പോയതെന്നോ ഞാൻ വിചാ

രിക്കുന്നുള്ളു. ശ്രീമാൻ നായരുടെ വ്യാഖ്യാനത്തിൻെറ നേക്ക് പിഷാരോടി പ്രയോഗിച്ച ഖണ്ഡനം നാഗാസ്ത്രമാണെന്നു തെററിദ്ധരിച്ച് സന്തോഷിച്ച പണ്ഡിതർ കെ. വി. യം. അവർകളോട്, കാററിൽ പറന്നു പൊടിഞ്ഞു പോകത്തക്കവണ്ണം നിസ്സാരമായ ഒരു ഉണങ്ങിയ ഓലക്കഷണം മാത്രമാണ് അതെന്നും അദ്ദേഹത്തിൻെറ സന്തോഷവും പരിഹാസവും തീരെ അസ്ഥാനത്തിലായെന്നും ഈ അവസരത്തിൽ ബോധിപ്പിച്ചുകൊള്ളുന്നു.

വെണ്ണിലാവിന്നു ചെന്നാനയിക്കണ്ടുന്ന "കോലുന്ന" എന്നക്രിയ ഉത്തരാദ്ധഗതമായെന്നുള്ളതു് ദോഷമാണെന്നു പറഞ്ഞിരിക്കുന്നതും "നാദ്ധെ കിഞ്ചിൽ സമാപ്തം വാക്യം" എന്ന വാമനസൂത്രത്തിൻെറ അത്ഥം അറിയാതെയാണ്. അദ്ധത്തിൽ ഏകപദാവശേഷമായ വാക്യപ്രയോഗം ദുഷ്ടമാകയാൽ പ്രയോഗിക്കരുതെന്നാണ് സൂത്രാത്ഥം. പാലോട്ട എന്ന പ്രസ്തുതപദ്യത്തിലെ നാലുപാദവും കൂടിയതാണ് ഒരു വാക്യം. അപ്പോൾ പൂർവ്വാദ്ധം എങ്ങിനെയാണ് ഏകപദാവശേഷമായ വാക്യമാവുക. അദ്ധത്തിൽ ഏകപദാവശേഷമായ വാക്യം ദുഷ്ടമാണെന്നാണല്ലോ വാമനസൂത്രത്തിൻെറ അത്ഥം. സൂത്രോദാഹരണവും കാമധേനവ്യാഖ്യയും നോക്കുക. അത്രമാത്രമല്ല, ഈ ദോഷത്തെ കാവ്യപ്രകാശകാരാദികളായ ആലങ്കാരികവയ്യന്മാരും ലീലാതിലകകാരനും സ്വീകരിച്ചിട്ടുമില്ല. വിശേഷിച്ചു ഭാഷയിൽ താദൃശപ്രയോഗം ദുഷ്ടമാണെങ്കിൽ അത്തരം ദോഷമില്ലാത്ത കാവ്യംതന്നെ ഇല്ലെന്നാവും.

1) മല്ലീജാതിപ്രഭൃതികസുമസ്മേരമായുല്ലസിക്കും
സല്ലീലാഭിഃ കിസലയകരംകൊണ്ടു നിന്നെത്തലോട്ടും—
വല്ലീനാം—"

2) നീലത്വം ചേന്നെഴുമിലകളാൽ നിൻെറകണ്ഠാംഭയോലും
സാലത്തിന്മേൽ പരിചൊടുപറന്നെത്തിയക്കല്യതൻെറ

കൂലത്തെ—ഃ ഇത്യാദി മയൂരസന്ദേശപദ്യങ്ങൾ നോക്കുക. ഇത്തരം പദ്യങ്ങൾ ലീലാതിലകത്തിൽത്തന്നെ ധാരാളമുണ്ടെന്ന വസ്തുതപോലും ഈ പുതിയവ്യാഖ്യാതാവിന്നു അജ്ഞാതമാണെന്നോ? അമ്പോ! കാലത്തിൻെറ പോക്ക്! മി. പിഷാരോടി പറയുന്നപ്രകാരം അഭവന്മതയോഗമെന്നതു് "അഭിമതമായ പദത്തോട്ട് അന്വയം തോന്നാതിരിക്കുക" അല്ല. അഭിപ്രേതമായ അന്വയം ഘടിക്കാതിരിക്കുകയാണ്. അല്ലാത്തപക്ഷം മി. പിഷാരോടിക്ക് അന്വയം തോന്നാത്ത സ്ഥലത്തെല്ലാം അഭവന്മതയോഗമുണ്ടെന്നുവരും. അതു സഹൃദയന്മാക്കു സമ്മതി

ച്ചുകൊട്ടക്കുവാൻ നിവൃത്തിയില്ല. "പാലോട്ട" എന്ന പദ്യത്തിലെ അന്വയവും അത്ഥവും ഒരുവിധം ഭാഷാജ്ഞാനമുള്ളവക്കുപോലും മനസ്സിലാകുമാറു ശ്രീമാൻ കൃഷ്ണൻനായർ പ്രതിപാദിച്ചിരുന്നിട്ടും അന്വയപ്രതീതിയും അത്ഥപ്രതീതിയും മി. പിഷാരരോടിക്ക് ഉണ്ടാകുന്നില്ലെങ്കിൽ, അതു ഗ്രഹീതാവിൻെറയല്ലാതെ മററാരുടെയും ദോഷമല്ല. അവ്യുൽപന്നന്മാരുടെ ദൃഷ്ടിയിൽ ക്ലിഷ്ടതപം സാവ്വത്രികമാവാം. വിസ്തീണ്ണാ പൃഥിവീ ജനാശ്ച വിവിധാഃ കിം കിം ന സംഭാവ്യതെ"

"ദേവീസ്മിതം ഉൽപ്രേക്ഷ്യമായതിനാൽ അതു പ്രസിദ്ധമായിരിക്കേണ്ടതാണ്" എന്ന് ആക്ഷേപിക്കുന്ന മി. പിഷാരരോടിയുടെ സാഹിത്യജ്ഞാനവും അലങ്കാരജ്ഞാനവും അന്യാദൃശമാണെന്നുവേണം വിചാരിപ്പാൻ. "മുഖം ചന്ദ്രം മന്യേ" മുതലായ ഉൽപ്രേക്ഷകളൊന്നും അദ്ദേഹം കണ്ടിട്ടില്ലായിരിക്കാം. "സ്മിതം ഉൽപ്രേക്ഷ്യമായ സ്ഥിതിക്ക് ദേവിയിൽ അതപ്പോഠം ഉണ്ടായിരിക്കാൻ പാടില്ലാത്തതാണ്" എന്ന മി പിഷാരരോടിയുടെ ലോകശാസ്ത്രവിരുദ്ധമായ ശാസനം 'സഹൃദയന്മാക്കോ ശാസ്ത്രജ്ഞന്മാക്കോ ഗണനിയമല്ലതന്നെ.

ആട്ടെ, ദേവി സവ്വശുക്ലയാണെന്നു വരുത്തുവാനായി തദീയകരണപോലും ശുക്ലമാണെന്നു പ്രതിപാദിക്കുന്ന (ദേവിയുടെ ചുണ്ട, പുരംകം, തലമുടി തുടങ്ങിയവയും വെളുത്തതാണെന്നു സാധിക്കാഞ്ഞതു ഭാഗ്യംതന്നെ) സന്ദർഭത്തിൽ "ഉള്ളിൽനിറഞ്ഞുള്ള കാരുണ്യപിയൂഷം—" എന്നുതുടങ്ങിയ നാലുവരികഠം 'കൃഷ്ണഗാഥ'യിൽനിന്നുദ്ധരിച്ചുകൊണ്ടു "ഹാരത്തെ കാരുണ്യമായുൽപ്രേക്ഷിച്ചിരിക്കുന്നതു നോക്കുക" എന്നുപറയുന്ന പിഷാരരോടി അവർകളും "ഏതായാലും ആ സ്മിതം ഉൽപ്രേക്ഷ്യമായസ്ഥിതിക്കു ദേവിയിൽ അതപ്പോഠം ഉണ്ടായിരിക്കാൻ പാടില്ലാത്തതാണ്" എന്നിങ്ങിനെ ശ്രീമാൻ നായരുടെ വ്യാഖ്യാനത്തെ ആക്ഷേപിക്കുന്ന പിഷാരരോടി അവർകളും ഭിന്നന്മാരാണെന്നും പ്രകൃതോപന്യാസം രണ്ടു പിഷാരരോടിമാർകൂടി എഴുതിയതാണെന്നുമാണോ വിചാരിക്കേണ്ടതു്? ഒരേ ഒരാഠം—അതും ഒരു ശിരോമണി—ആണെന്നു വരികിൽ ഇങ്ങിനെ സ്വോക്തിവ്യാഹതമായുപന്യസിക്കുമോ? കാരുണ്യം ഉൽപ്രേക്ഷ്യമാകയാൽ അതപ്പോഠം ഭഗവാനിൽ ഇല്ലെന്നാണോ വിചാരിക്കേണ്ടതു്? ചന്ദ്രനുള്ളപ്പോഠം മുഖത്തെ ചന്ദ്രനായി ഉൽപ്രേക്ഷിച്ചുകൂടെന്നോ മി. പിഷാരരോടിയുടെ സിദ്ധാന്തം! വിചാരാനർഹമാകയാൽ ഇതിലധികം വിവരിക്കുന്നില്ല. വേണമെങ്കിൽ പിന്നീടായിക്കൊള്ളാം.

സ്ഥിതം ദേവിയുടേതാണെന്നതു പ്രകരണലഭ്യമാകയാൽ ദേവീപദാഭാവം ന്യൂനപദത്വദോഷത്തിന്നിടയാക്കുകയില്ല. വെണ്ണിലാവിനെ ധരിക്കുന്ന സരസ്വതി എന്നു കേൾക്കുന്നതിൽ വല്ലായ്മ തോന്നുകയും "പൂർണ്ണകരുണാകുലദൃഷ്ടി വഹിക്കുന്നു" എന്നു താൻ പറയുന്നതിൽ വല്ലായ്മതോന്നാതിരിക്കയും ചെയ്യുന്ന മി. പിഷാരോടിയുടെ മനോഗതി വിലക്ഷണവും വിചിത്രവും തന്നെ.

ശിരോമണിപ്പിഷാരോടിയുടെ വ്യാഖ്യാനം നിർമ്മൂലവും നിരാധാരവുമായിരിക്കയാൽ അതിലെ അസ്വാരസ്യം എടുത്തു പ്രദർശിപ്പിക്കുന്നില്ല. ആകാശകുസുമത്തിന്നു സൌരഭ്യമില്ലെന്നു പ്രതിപാദിക്കുന്നതു് അനുചിതമാണല്ലോ.

ഏതായാലും ഇത്രയുംകൊണ്ടു ശ്രീമാൻ നായരുടേയും ശ്രീമാൻ പിഷാരോടിയുടേയും വ്യാഖ്യാനപ്രകാരങ്ങളിൽ ഏതാണ് യുക്തമെന്നു ഭാഷാഭിമാനികൾക്കു ഗ്രഹിക്കാവുന്നതിനാൽ ഈ വിചാരത്തെ ഇവിടെ നിറുത്തുന്നു.

മീമാംസാശിരോമണി
എ. ഗോപാലമേനോൻ.

## വസൂരിമാല കണ്ണികയാണോ?

കൊടുങ്ങല്ലൂർ ശ്രീകുരുംബാഭഗവതീക്ഷേത്രത്തിന്റെ നിരൃതികോണിൽ ഒരു മതിൽകെട്ടിൽ ഏതാണ്ടു ജീർണ്ണിച്ചതായ ഒരു ശിലാവിഗ്രഹം കാണുന്നതിന്നു് അവിടങ്ങളിൽ "വസൂരിമാല" എന്നു പറയുന്നതു സാധാരണമാണ്. 'കുരുതിഅംബ', ദാരികന്റെ പ്രേയസിയായ 'മനോദരി' എന്നീ അപരനാമധേയങ്ങളാലും ഈ വിഗ്രഹം അറിയപ്പെടുന്നുണ്ടു്. ഈ പേരുകൾ വന്നുകൂടിയതിന്നു ചില കാരണങ്ങൾ ഇല്ലായ്കയില്ല. ഏതാനും ചില കായകൾ കൂട്ടിച്ചേർത്ത് ഉണ്ടാക്കിയ ഒരു മാല ആ വിഗ്രഹത്തിൽ കാണുന്നതിനാലാണ് അതിനെ വസൂരിമാലയെന്ന് പറയുന്നത്. അന്ധവിശ്വാസം തീരെ വിട്ടുപോയിട്ടില്ലാത്ത കേരളത്തിൽ എല്ലാവരും, "ഈ ദേവിയെ പ്രസാദിപ്പിച്ചാൽ മസൂരിമുതലായ രോഗങ്ങൾ ശമിക്കുമെന്നും പ്രസൂതസുഖക്കേടുകൾ ചൊവ്വാഗ്രഹപ്പിഴയെ കാണിക്കുന്നതാണെന്നും," ഇന്നും സാമാന്യമായി വിശ്വസിച്ചുപോരുന്നു അവിടെ അപൂർവ്വമായിമാത്രം നടത്തിവരാറുള്ള (1) കുരുതിയെ അടിസ്ഥാനപ്പെടുത്തിയാണ് കുരുതിഅംബ എന്നു പറയുന്നത്.

"ചിലപ്പതികാരം മണിമേഖല" മുതലായ തമിഴഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചു കാണുന്ന കോവിലൻെറ പത്നിയായ കണ്ണകിയാണൊ വസൂരിമാല എന്ന് സംശയിക്കത്തക്ക ചില കാരണങ്ങളും കാണുന്നുണ്ട്, കൊടുങ്ങല്ലൂർ ഭഗവതിയുടെ (അതായത് ഭദ്രകാളിയുടെ) അവതാരമാണ് 'കണ്ണകി' എന്ന് ഇന്നും ജനസാമാന്യം വിശ്വസിച്ചുവരുന്നു. വൊവ്വാസംബന്ധമായ രോഗങ്ങളുടെ നിയന്ത്രണത്തിന്ന് ശക്തിയുള്ള ഭഗവതിയുടെ (2) അവതാരമായി കരുതിവരുന്ന ആ കണ്ണകിയുടെ വിഗ്രഹത്തിന്ന് വസൂരിമാലയെന്ന് പറയുന്നത് വളരെ യോജിപ്പായിരിക്കും. 'ചിലപ്പതികാരത്തിൽ' വീരപത്നിയായ് കണ്ണകിയെ ആരാധിക്കുന്നതിന്ന് ഹിമവാനിൽ നിന്ന് ആണല്ലോ ശില കൊണ്ടുവരപ്പെട്ടത്. 'കണ്ണകി' ഒററമുലച്ചി ആണെന്നുള്ളത് സംശയമില്ലാത്ത ഒരു സംഗതിയാണെന്ന് 'ചിലപ്പതികാരത്തിൽ' നിന്നും അറിയാവുന്നതുമാണല്ലോ. ഒററമുലച്ചിയായ കണ്ണകിയുടെ വിഗ്രഹം രൂപത്തോട് സാമ്യപ്പെട്ടത്തിട്ടായിരിക്കണം ചെങ്കുട്ടവൻ കൊത്തിച്ച് പ്രതിഷ്ഠിക്കുവാൻ ന്യായം. ആ സ്ഥിതിക്ക് കേവലം ജീർണ്ണിച്ചതും വളരെ പഴക്കം തോന്നിക്കുന്നതും ഒററമുലച്ചിയും കൂടിയായ ഒരു വിഗ്രഹം കാണുന്നുണ്ടെങ്കിൽ ആയത് കണ്ണകിയുടെ അല്ലാതെ ആരുടെ ആയിരിക്കണം?

ഇന്നു നാം പോയി പ്രാർത്ഥിച്ചുവരുന്ന വിഗ്രഹം കേവലം മരം കൊണ്ടുണ്ടാക്കിയതും വളരെ പഴക്കം തോന്നിക്കാത്തതും ആയ ഒന്നാണെന്നു മിക്കവക്കും നിഷ്പ്രയാസം അറിയുവാൻ സാധിക്കുന്നതാണ്. അവിടങ്ങളിലെ ക്ഷേത്രഐതിഹ്യങ്ങൾ അറിയാവുന്നവനും ദേവീഭക്തനും ആയ രാമപ്പണിക്കരാൽ വിരചിതമായ ഒരു ഗ്രന്ഥത്തിൽ ആ ക്ഷേത്രത്തിൽ ഉണ്ടായിട്ടുള്ള പുരാതനമായ വിഗ്രഹത്തിൻെറ മാററത്തെക്കുറിച്ച് പ്രസ്താവിച്ചു കാണുന്നുണ്ട്. അപ്പോൾ ഇന്നു നാം വസൂരിമാലയെന്ന് പറഞ്ഞ് ആരാധിക്കുന്ന വിഗ്രഹം ആയിരിക്കണം പണ്ട് ക്ഷേത്രത്തിൽ"പട്ടിണിദേവി"യായി കരുതി വന്നിരുന്ന ഇപ്പോഴത്തെ ഭഗവതി. വസൂരിമാലയെ പൂജിക്കുന്ന ആ കാവ് ഇടക്കാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കാവുന്നതാണ്. അപ്പോൾ പ്രസ്തുതവിഗ്രഹം വേറെ ഒരു ദിക്കിൽ പ്രതിഷ്ഠിച്ചിരുന്നതാണെന്നും മുൻ പ്രസ്താവിച്ചപോലെ ആ വിഗ്രഹം പ്രായേണ ജീർണ്ണിച്ചതിനാലും പഴയതായിരുന്നതിനാലും പുതിയ വിഗ്രഹം നിർമ്മിച്ച് മാററിയതായിരിക്കണമെന്നും വിചാരിക്കാം.

കരുതിയെപ്പററി മുമ്പ് ഒന്ന് സൂചിപ്പിക്കുക ഉണ്ടായല്ലൊ. കരുതിക്ക് വസൂരിമാലയെ കുരുതിപ്രസാദം കൊണ്ട് (മഞ്ഞളും നൂറും കൂടിയ രക്തവർണ്ണത്തോട്ടുകൂടിയ ഒരു കൂട്ട്) പൊതിഞ്ഞ് ഇടത്തു മുലയുടെ സ്ഥാനത്ത് ഒരു വെള്ളിയുടെ തകിട് വെയ്ക്കുന്നുണ്ട്. ഇങ്ങിനെയുള്ള കുരുതിഅംബയും കോവിലൻെറ അകാലനിര്യാണത്താൽ ഉളവായ മനോവ്യഥയാലും ക്രോധത്താലും വലത്തുകൈകൊണ്ട് ഇടത്തുമുല പറിച്ചെടുത്ത് രക്തം ദേഹത്തിൽ കൂടി ഒഴുകുന്ന ആ കണ്ണകിയും തമ്മിൽ എന്തു വ്യത്യാസമാണ് ഉള്ളതെന്നു വായനക്കാർ തീർച്ചയാക്കേണ്ടതാണ്.

അവിടങ്ങളിൽ ഇന്നും നടത്തിവരുന്ന തോററങ്ങളിൽ (അവതാരം) കാളി കണ്ണകിയായി പിറന്ന് ദുഷ്ടനായ പാണ്ഡ്യനെ ഹനിച്ചുവെന്നും മററും കാണുന്നുണ്ട്. ഒരു പ്രസിദ്ധപ്പെട്ട തോററത്തിൽ നിന്നും ഒരു പാദം ഇവിടെ ഉദ്ധരിക്കാം.

"തെക്കും കൊല്ലത്ത് കണ്ണകിയും
വടക്കും കൊല്ലത്ത് പാലകനും
ഒരുമനസ്സായി വിവാഹം ചെയ്താൽ
തീ കൂടാതെ വിളക്കെരിയും"

ഇപ്പോഴും ഈ സ്ഥിതിയിൽ പാലകൻ (അതായത് കോവിലൻ) വടക്കും വസൂരിമാലയാകുന്ന കണ്ണകി തെക്കുമായിട്ടാണ് കാണപ്പെടുന്നത്.

ഇതുകൂടാതെ ചേരരാജ്യതലസ്ഥാനമായിരിക്കുന്ന "വഞ്ചിയും" കൊടുങ്ങല്ലൂരിലെ ആ ക്ഷേത്രവും തമ്മിൽ ബന്ധം ഇന്നും കാണുന്നുണ്ട്. തിരുവഞ്ചിക്കുളത്തു നിന്ന് ഒരു ദിവസം ഭഗവതിയുടെ നല്ലച്ഛനായ തിരുവഞ്ചിക്കുളത്തു തേവർ മൂന്നാനസഹിതം വാദ്യഘോഷാദികളോടു കൂടി പ്രസ്തുത ക്ഷേത്രത്തിൽ വരുന്നുണ്ട്. "മൂന്നാനകയറുക" എന്നതിന്ന് പഴമക്കാർ പറയുന്നതനുസരിച്ച് ഈ സംഭവം കണ്ണകിയെ സന്ദർശിക്കുവാനായി ചേരരാജാവിൻെറ ഒരു യാത്രയായിട്ടേ ഗണിക്കാവൂ.

ഇപ്രകാരം നാം വസൂരിമാലയെന്നു പറയുന്ന വിഗ്രഹം രക്തം പുരണ്ടതും, ഒററമുലച്ചിയും, ജീർണ്ണിച്ചതും പഴക്കം തോന്നിക്കുന്ന ശിലയും ആയി കാണുമ്പോൾ ആയതു് കണ്ണകിയുടെ ആയിരിക്കേണമെന്നു തർക്കമററ സംഗതിയാണല്ലൊ. കൂടാതെ ക്ഷേത്രത്തിലെ വിഗ്രഹമാററവും ഇന്നും പ്രാചീനചേരരാജധാനിയായ തിരുവഞ്ചിക്കുളത്തുനിന്നും കൊടുങ്ങല്ലൂർ ക്ഷേത്രത്തിലേക്ക് വരുന്ന ഉത്സവവും മററും ചേരചെങ്കുട്ടവൻ സ്ഥാപിച്ച ആ ക്ഷേത്രത്തിൻെറ ചേരരാജ്യതലസ്ഥാനത്തോടുള്ള ബ

ന്ധത്തെയും സൂചിപ്പിക്കുന്നുണ്ട്. ഏതായാലും വസൂരിമാലയെന്നു പറയുന്ന വിഗ്രഹം കണ്ണകിയുടെതാണൊ എന്നു തീർച്ചയാക്കുന്നതിന്നു ക്ഷേത്രം ഉൽഘാടനം ചെയ്ത അവസരത്തിൽ സന്നിധാനം ചെയ്തിരുന്ന ആ സിംഹളേശ്വരനായ ഗജബാഹുവിനെ നിയോഗിക്കപ്പെട്ടുകതന്നെ!

കെ. യം. രാഘവമേനോൻ,
കൊടുങ്ങല്ലൂർ.

---

(1) ഗുരുതീ എന്നും പറയാറുണ്ട്.

(2) യതീശ്വരനായ വില്വമംഗലത്തു സ്വാമിയാരുടെ കേരളാചാര ദീപകയിൽ കൊടുങ്ങല്ലൂർ ഭഗവതിയെ കുറിച്ചു "മസൂരികാദിശമനി" എന്നു കാണുന്നുണ്ട്.

(3) തമിഴ്ഗ്രന്ഥങ്ങളിൽ ഈ പേരിലാണ് ഭഗവതിയെ അറിയുന്നത്.

# ശ്രീ കാരാസ്കരവനേശ സ്തവം.

(തുടർച്ച).

രിക്താഘം സർവ്വവന്ദ്യം പരികലിതസുരേഖാവലീഭാസമാനം
രക്താംഭോജപ്രഭം കാലിണ ശമിജനഹൃദ്ഗേഹരത്നപ്രദീപം
ഭക്താനന്ദപ്രദാനവ്രതമതിവിമലം കാൺകയാൽ സർവ്വപീഡാ-
മുക്താത്മാവായ് ഭവിച്ചേനിതുപൊഴുതുദിതം ജന്മസാഫല്യവും മേ.

16

ദേവ! സ്വാത്മാവിലെങ്ങും പുരുബലമിയലും നിൻകൃപാപൂരമായോ-
രാവഹ്നിച്ചുട്ടയിട്ടുള്ളിവനുതൃണസമം മേലിലാർത്തിപ്രപഞ്ചം
വൈവശ്യംവശ്യധീശാശയമതില്ലമുയർത്തുന്നജന്മാർത്തികൊണ്ടും
ഭാവൽക്കോൽകൃഷ്ടചിന്താമൃതശിശിരതരാത്മാവുഞാൻ ഭീതിഹീനൻ.

17

കഷ്ടം കുഷ്ഠംപിടിച്ചിട്ടുടലുസകലവും വിണ്ടുകീറിപ്പിളർന്നും
ദുഷ്ടം രക്തംസ്രവിച്ചും നിഖിലജനപരിത്യക്തരായ് മേവുവോരും
ശിഷ്ടംനിന്നന്തികേവന്നിഹഭജനമിരുന്നീടുകിൽതെല്ലുനാൾകൊ-
ണ്ടിഷ്ടംപോൽ സൌഖ്യമേന്തിസ്സുരപുരവനിതാകാമ്യമംഗം ലഭിപ്പൂ.

18.

ആദിത്യൻ പണ്ടുകുഷ്ഠത്തിനുവശഗതനായ് ഗാത്രവൈവശ്യമേന്തി-
ക്ഖേദിച്ചാലംബമെന്ന്യേമരുവിയൊടുവിലാത്വല്പദോപാസനത്താൽ
ആദിഷ്ടക്കേടുമാററിപുതിയൊരുജനികയ്ക്കൊണ്ടപോൽ തുംഗമംഗ-
ശ്രീദിവ്യത്വംവഹിച്ചാൻതവമഹിമയിലാർക്കേന്നുതർക്കാവകാശം

19

മൂകത്വം പൂണ്ടവിദ്യാന്ധതതടവുമൊരാൾക്കീശ! നിൻസേവയാലേ
മൂകശ്രീകാളിദാസപ്രമുഖരൊടുസമം വാഗ്വിഭുത്വംലഭിക്കും
ലോകത്തിൽ തെണ്ടിയാകും നരനുടെഭവനം കാൽക്ഷണംകൊണ്ടുനിന്നാ-
ലോകത്താൽ ഹസ്തിവാജിവ്രജമണിരഥസമ്പൂർണ്ണമായ് പുണ്യമേറ്റം.

20

മെച്ചംശോകാൎത്തരെക്കാത്തഭിമതമരുളാനാദരത്തോടുനിത്യം
സ്വച്ഛംശ്രീകാഞ്ചിരങ്കാട്ടോരുസുരതരുനീയീശമൂൎത്ത്യാജയിക്കേ
ഉച്ചത്തിൽക്കേണെവെന്നാകിലുമലിവുകുറച്ചെങ്കിലും തുച്ഛരാകും
പിച്ചക്കാരോടുകാട്ടാത്തവരുടെ പടികാത്താൎത്തരെന്തിന്നുപാൎപ്പൂ.

21.

ദൂരെക്കാണുന്നപോലേതാനഗതിയെ, മുഖമേന്തുന്നവൈവൎണ്ണ്യഭാരം
ചാരത്തെത്തുന്നപോലുണ്ടാം ശ്രുതികടുതരവാഗ്വൃഷ്ടിതൻ മേഘജാലം;
തീരെത്തൻകൈകമഴ്ത്താത്തവർഘനമദരാക്കൂട്ടർ; തത്സേവനിസ്സ്വ-
ന്മാരെന്നും ലോകചിന്താമണിതിരുവടിയേവിട്ടു കഷ്ടംവരിപ്പൂ .

22

മെത്തുംപാഠസ്യപ്രചാരം മിഴികളടനടപ്പിച്ചിട്ടും കൂരിരുട്ടിൻ-
കൂത്തുണ്ടാക്കും വഴിയ്ക്കാക്കയുമതിമലിനാവസ്ഥയും കൈവരുത്തും
സത്തുൾക്കൊള്ളുന്ന നിൻകാൽപൊടിയുടെകഥതൽഭിന്നമാം; ജ്ഞാനദൃക്കോ-
ത്തുത്തുംഗം മുക്തിമാൎഗ്ഗത്തിനുതെളിവുമതേകുന്നധീശുദ്ധിവായ്പും.

23.

താരുണ്യത്തിൻതിളപ്പും തരുണികളുടെലീലാദിയാൽ സൌഖ്യവായ്പും
ചാരുശ്രീമത് പ്രഭുത്വോന്നതപദവികളിൽപ്പായുമുള്ളിൻപകപ്പും
പേരുംവമ്പത്തവും ചേൎന്നിഹമനുജർ വിവേകത്തിനാൽത്യക്തരായി-
ശ്രീരുദ്ര! ത്വല്പദാംബ്ജസ്മൃതിയിൽ വിമുഖരായ്ത്തീൎന്നുകാലംതുലപ്പൂ.

24.

എന്നേക്കാൾക്കേമനാരുണ്ടതിസുഭഗശരീരാഭനീഞാൻധനക്കോ-
ണ്ടെന്നേർ നില്പാൻമിടുക്കാൎക്കുപമഗുണമെൻധീബലം കയ്യൂരുത്തും;
എന്നേവം വന്മദത്തോടരുളിമരുവവേ മന്നിൽവായുംപിളൎന്നി-
ട്ടെന്നേ! ശാവിന്നുതുല്യം നരനവനഴലാൽ വീണുജീവൻത്യജിപ്പൂ.

25.

നേത്രത്തിൽ കാഴ്ചക്കൂട്ടും പൊഴുതുനരർഭവദ്രൂപമീക്ഷിക്കയില്ലാ-
ശ്രോത്രത്തിൽ ശക്തിവായ്ക്കുത്തവകഥകൾചെവിക്കൊള്ളുവാനോവിരക്തർ,
ഗാത്രത്തിങ്കൽ കരുത്തേയ്ക്കുവെയൊരുസുകൃതം ചെയ്കയില്ലങ്ങു, ജീവൻ
യാത്രയ്ക്കായ് കാലുയൎത്തുന്നപൊഴുതഥ തവസേവയ്ക്കുധീവയ്ക്കുമാരു.

26

നിന്നാകാരത്തിൽനിന്നെന്മിഴികൾതവനവസ്തോത്രഗാനത്തിൽനിന്നി-
ട്ടെന്നാക്കകൽകൃഷ്ടമാംനിൻസ്മരണകലയിൽനിന്നവ്വിധംമന്മനസ്സും
പിന്നാക്കം നീക്കുവാൻ ഞാനപടുവനിശമീയെൻെറ ശക്തിക്ഷയംമേ-
ലെന്നാളും നീണ്ടുനില്ക്കുന്നതിനു വിനതനായ് പ്രാൎത്ഥനം ചെയ്തിടുന്നേൻ.

27

ലക്ഷംക്ഷേത്രങ്ങളുണ്ടിക്ഷിതിയിലവയിലൊന്നിങ്കലും നിൻപ്രഭാവം
ത്ര്യക്ഷ! പ്രത്യക്ഷമായ് വെന്നിടുമിവിടെയണഞ്ഞീടിലുണ്ടാം പ്രമോദം
അക്ഷങ്ങൾക്കേറിടുന്നില്ലിഹസമധിഗമിച്ചീശ! നിൻപാദസേവാ-
ദീക്ഷയ്ക്കാത്മാൎപ്പണംചെയ്തമരുക മനുജന്മാൎക്കസൌഖ്യൈകമാൎഗ്ഗം

വടക്കങ്കൂർ
രാജരാജവൎമ്മരാജാ.

## ശ്രീ ശക്തൻതമ്പുരാൻ

ഗ്രന്ഥകർത്താ—ശ്രീ പൂത്തേഴത്തു രാമൻമേനോൻ, ബി. എ, ബി. എൽ

സർവ്വാധികാര്യക്കാർ.

വില ക 5.

ഇവിടെ അഭിപ്രായത്തിന്നു സദയം അയച്ചുതന്ന ശ്രീ ശക്തൻതമ്പുരാൻ എന്ന മഹാഗ്രന്ഥം ഞങ്ങൾ സശ്രദ്ധം വായിച്ചു; പഠിച്ചു. കേരളഭാഷയിൽ, ഒരു ജീവചരിത്രമെന്ന നിലയിലും രാജ്യചരിതമെന്ന നിലക്കും ഇതിനു സദൃശമായി മറെറാരു ഗ്രന്ഥം ഇതുവരെ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ലെന്നു് ഞങ്ങൾ സധൈര്യം പ്രസ്താവിച്ചുകൊള്ളട്ടെ. വിഷയസ്വീകരണം, പ്രതിപാദനരീതി, ഭാഷാഗതി എന്നീ മൂന്നു സംഗതികളിലും "ശക്തൻതമ്പുരാൻ" അദ്വിതീയമായിത്തന്നെയിരിക്കുന്നു. പതിനെട്ടാംനൂററാണ്ടിലെ യുദ്ധവീരന്മാരും ഭരണതന്ത്രജ്ഞന്മാരുമായ പുരുഷകേസരികളുടെ ഗണത്തിൽ—നെപ്പോളിയൻ ബോനപ്പാർട്ട്, ഹൈദരാലിഖാൻ, മാർത്താണ്ഡവർമ്മ, ലാർഡ് ക്ലൈവ്, ടിപ്പുസുൽത്താൻ, കേരളവർമ്മ (പഴശ്ശി) രാജാ തുടങ്ങിയ രാഷ്ട്രസ്ഥാപകന്മാരുടെ കൂട്ടത്തിൽ....നിസ്തുലമായ സ്ഥാനമർഹിക്കുന്ന ഈ മഹാപുരുഷനെ തന്റെ ചരിത്രനായകനായി സ്വീകരിച്ച ഗ്രന്ഥകാരന്റെ കയ്യ് വിഷയനിർണ്ണയകാര്യത്തിൽ തഴകിയതുതന്നെയാണ്, നിശ്ചയം. ശ്രീ ശക്തൻതമ്പുരാൻതിരുമനസ്സിലെ തിരുമേനിയെ ബന്ധിച്ചിരുന്ന പഴങ്കഥകെട്ടിനെ അഴിച്ചുമാററി ആ മഹാപുരുഷന്റെ യഥാർത്ഥമായ സ്വരൂപം ഈ പ്രസിദ്ധീകരണം മൂലം കേരളീയർക്ക പൊതുവായും കൊച്ചിക്കാർക്ക് വിശേഷിച്ചും കാണുമാറാക്കിയിരിക്കുന്നു. എന്നാൽ തമ്പുരാൻ തിരുമനസ്സിലെ അപദാനങ്ങളെ ഒന്നൊന്നായി എടുത്തു കീർത്തിക്കുവാൻ ഒരുമ്പെടാതെ ചരിത്രരേഖകൾ സുലഭമായി ഉദ്ധരിച്ചു സ്വഭാവനിർണ്ണയം ചെയ്യേണ്ടഭാരം വായനക്കാർക്ക് വിട്ടുകൊടുക്കുകയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നതു് ഇതു് ഏററവും ആദരണീയമായ ഒരു മാർഗ്ഗംതന്നെയാണെന്നതിന്നു് രണ്ടുപക്ഷമില്ല.

അദ്ധ്യായങ്ങൾ തിരിക്കുന്ന കാര്യത്തിൽ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിട്ടുള്ള വിവേചനാപാടവവും വിഷയത്തിനും സന്ദർഭത്തിനും അനുസൃതമായ പ്രതിപാദനരീതിയും രണ്ടും സ്തുത്യർഹങ്ങൾതന്നെയാണ്. ചരിത്രകാരന്മാർ സാധാരണമായി ചെയ്തുവരുന്നതുപോലെ കാലക്രമമനുസരിച്ചു് സംഭവങ്ങൾ വിവരിച്ചുപോവുകയല്ലാ ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നതു് കഥാനായകന്റെ നേട്ടങ്ങൾക്കും ആ മഹാപുരുഷനും ആയി ഇടപെടേണ്ടിവന്നിട്ടുള്ള വമ്പിച്ച സമുദായങ്ങൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യമനുസരിച്ചു പ്രത്യേകം അദ്ധ്യായങ്ങൾതന്നെ കൊടുത്തിരിക്കുന്നു. തന്മൂലം ഓരോരുത്തരുടെ ആവശ്യം അനുസരിച്ചു് വേണ്ട ഭാഗങ്ങൾ എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിന്നും ഏതദ്വിഷയങ്ങളെസംബന്ധിച്ചുള്ള പരിപൂർണ്ണജ്ഞാനം ഒരൊററവായനകൊണ്ടു സമ്പാദിക്കുന്നതിനും സാദ്ധ്യമാകുന്നു ചരിത്രനായകനോടു് ഗ്രന്ഥകാരനുള്ള പരിപൂർണ്ണമായ അനുഭാവം-ചരിത്രകാരന്മാരുടെ ധർമ്മം-ഈ ഗ്രന്ഥത്തിൽ ആദ്യന്തം പ്രത്യക്ഷപ്പെടുന്നുണ്ടു്. ശ്രീ ശക്തൻതമ്പുരാൻതിരുമനസ്സിലെ കാലത്തു് ജീവിച്ചിരുന്ന ഒരു നിഷ്പക്ഷനിരീക്ഷകന്റെ നിലയ്ക്കാണ് ആ വീരപുരുഷന്റെ പ്രവൃത്തികളെ വീക്ഷിക്കുന്നതു്. ഒരു യഥാർത്ഥചരിത്രകാരനും ചിത്രകാരനും ഇപ്രകാരംതന്നെയാണു ചെയ്യേണ്ടതു്. മറിച്ചുചെയ്യുന്നതു് കണ്വമഹർഷിയുടെ ആശ്രമത്തിൽ അതിഥിസൽക്കാരത്തിന്നു് ടീ സെററു് (Tea Set) നിക്ഷേപിക്കുന്നതുപോലെയും ചുകന്നതാടിയ്ക്കിരിപ്പാൻ ഈസിചെയർ കൊടുക്കുന്നതുപോലെയും അത്ര ആഭാസകരവും വികൃതവും ആയിരിക്കും.

ഈ പുസ്തകത്തിൽ ചേർത്തുകാണുന്ന സങ്കല്പസംഭാഷണങ്ങളെ അധികരിച്ചും വർണ്ണനകളെപ്പററിയും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. മലയാളത്തിൽ ഇദംപ്രഥമമായി തുടങ്ങിവെച്ചിട്ടുള്ള ഈ സങ്കല്പസംഭാഷണപ്രസ്ഥാനം ചരിത്രത്തിൽപോലുംസങ്കല്പത്തിനു സ്ഥാനമുണ്ടെന്ന് വിളിച്ചുപറയുന്നു. നമ്പൂതിരിപ്പാട്ടും കണിയാനും, ശക്തൻതമ്പുരാനും, ചിററമ്മത്തമ്പുരാനും, ശക്തൻതമ്പുരാനും ടിപ്പുസുൽത്താനും, ശക്തൻതമ്പുരാനും രാമമേനോനും, ശക്തൻതമ്പുരാനും ആങ്കിൾബേക്കും, ശക്തൻതമ്പുരാൻ തിരുമനസ്സിലെ പിൻഗാമിയും ചിമ്മുക്കുട്ടിയമ്മയും മററും തമ്മിൽ നടന്നിട്ടുണ്ടാകാവുന്നതായി സങ്കല്പിച്ചെഴുതീട്ടുള്ള സംഭാഷണങ്ങൾ ഈ ഗ്രന്ഥത്തിന്റെ ആസ്വാദ്യതയെ പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നുണ്ട്. ഈ പുസ്തകത്തിലെ മിക്ക വർണ്ണനകളും അഥവാ കഥാവിസ്തരങ്ങളും കഥാനായകന്റേയും ഇതരപാത്രങ്ങളുടേയും സ്വഭാവവൈശിഷ്ട്യത്തെ കൂടുതൽ പ്രകാശിപ്പിക്കുന്നതിന്നു പുറമേ വായനക്കാരെ പലപ്പോഴും പുളകിതഗാത്രരാക്കുകയും ചെയ്യുന്നുണ്ട്. പ്രതിപാദനരീതിയുടെ ചാതുർയ്യംകൊണ്ട് ഗ്രന്ഥമർമ്മം—"അവിടുത്തെ (ശക്തൻതമ്പുരാൻതിരുമനസ്സിലെ) ബലിഷ്ഠഹസ്തങ്ങൾക്ക് ഇന്നത്തെ കൊച്ചി കുറച്ചൊന്നുമല്ല കടപ്പെട്ടിരിക്കുന്നതു." (ഭാഗം 354) ഇതാണ് ഗ്രന്ഥമർമ്മമെന്ന് ഞങ്ങൾ അനുമാനിക്കുന്നു—ഫലപ്രദമാംവണ്ണം പ്രകാശിതമായിരിക്കുന്നു. ഇങ്ങനെയെല്ലാമാണെങ്കിലും തിരുവിതാംകൂർ ദിവാൻ രാജാകേശവദാസൻ വലരുടെ പക്കൽനിന്നും പണം പിരിച്ചു പററിഎന്നും മററും ചില അവാസ്തവപ്രസ്താവനകൾ ഇതിൽ കടന്നുകൂടീട്ടുണ്ട്. ഇതിനു തക്ക രേഖകൾ ഉണ്ടാകുന്നതുവരെ മനുഷ്യരാരും അക്കാർയ്യം സമ്മതിക്കുമെന്നു തോന്നുന്നില്ല.

ഇതിലെ ഭാഷാരീതിയെപ്പററി ശ്രീമാൻ പുത്തേഴത്തു രാമൻമേനവനവർകളുടെ ഏതെങ്കിലും ഗ്രന്ഥം വായിപ്പാൻ ഭാഗ്യമുണ്ടായിട്ടുള്ള മലയാളികളോട് പ്രത്യേകം പറയേണമെന്നു തോന്നുന്നില്ല— അല്ലെങ്കിൽ

—"അംബുപ്രവാഹത്തെവെല്ലമാറുള്ളവാ-
ഗ്ഗുംഭപ്രവാഹമെഴുനാ ദേഹൻ മഹൻ
സംഭാവനീയൻ സരസ്വതീകാരുണ്യ-
സമ്പൽസ്സുധാസാരസമ്പൂർണ്ണഭാജന"

മായ ഒരു സാഹിത്യകാരന്റെ ഭാഷയെ സംബന്ധിച്ച് എന്താണു പറയേണ്ടതു്. ചിന്താസരണിയെ പിന്നിട്ടു ചാടിക്കടക്കുന്ന വാഗ്വിലാസം, വാചകങ്ങളുടെ ഘടനാവൈചിത്ര്യം, പദങ്ങളുടെ ലാളിത്യം, അക്ലിഷ്ടമായ പ്രാസാനുപ്രാസപ്രയോഗം എന്നിവ അദ്ദേഹത്തിന്റെ ഗദ്യകവിതാഭണ്ഡാഗാരത്തിൽ നിക്ഷിപ്തങ്ങളായിട്ടുള്ള അമൂല്യരത്നങ്ങളാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, നല്ലഗദ്യം വായിക്കണമെന്ന് മോഹമുള്ള ഏതൊരു കേരളീയനും ഈ ഗ്രന്ഥം വാങ്ങി വായിക്കേണ്ടതു് അത്യാവശ്യംതന്നെയാണ്.

പുസ്തകത്തിന്റെ അച്ചടി—കെട്ട്—മട്ട് എന്നിവയെല്ലാം വളരെ വിശേഷമായിട്ടുണ്ട്. സന്ദർഭാനുസാരം ചേർത്തിട്ടുള്ള ചിത്രങ്ങളും, വിശേഷിച്ച് ശ്രീ ശക്തൻതമ്പുരാൻ തിരുമനസ്സിലെ ഛായാപടവും എത്രയും ആകർഷണീയങ്ങളായിത്തന്നേയിരിക്കുന്നു. ഗ്രന്ഥകർത്താവിന്ന് ഞങ്ങൾ സർവ്വമംഗളങ്ങളുമാശംസിച്ചുകൊള്ളുന്നു.

## 1117-ാമാണ്ടത്തെ യോഗക്ഷേമപഞ്ചാംഗം

—*—

പഞ്ചാംഗം പ്രസ്സ്, കുന്നംകുളം. (വില അണ 8)

മുപ്പത്തിമൂന്നു കൊല്ലത്തോളമായി പ്രസിദ്ധപ്പെടുത്തിവരുന്ന യോഗക്ഷേമപഞ്ചാംഗത്തിന്റെ 1117-ാമാണ്ടത്തെ പഞ്ചാംഗം കിട്ടി നന്ദിപറഞ്ഞു കൊള്ളുന്നു. ഇതിൽ സംവത്സരാദിഫലങ്ങൾ മുതൽ 1118-ാമാണ്ട് ചിങ്ങമാസത്തെ വിഷയവിവരങ്ങളുൾപ്പടെ മനുഷ്യന് പഞ്ചാംഗംകൊണ്ട് സാധിക്കേണ്ടതായ സകല വിവരങ്ങളും അടങ്ങീട്ടുണ്ട്. ജ്യോതിശ്ശാസ്ത്രവിശാരദന്മാരായ ബ്രഹ്മശ്രീമാന്മാർ മാനാനം പററമനയ്ക്കൽ ശങ്കരനാരായണൻ നമ്പൂതിരി അവർകളും കാണിപ്പയ്യൂർ മനക്കൽ ശങ്കരൻ നമ്പൂതിരിപ്പാട് അവർകളും കൂടി ഗണിച്ചുണ്ടാക്കിയ പ്രസ്തുത പുസ്തകം ഏവർക്കും ഉപകാരപ്രദമാകുന്നതാണ്. ഗൃഹനിർമ്മാണവിഷയത്തിൽ പ്ലാനും കണക്കും തയ്യാറാക്കിക്കൊടുക്കുവാൻ തയ്യാറായിട്ടുള്ള തച്ചുശാസ്ത്രവിദഗ്ദ്ധൻ കാണിപ്പയ്യൂർ ശങ്കരൻനമ്പൂതിരിപ്പാട് അവർകളുടെ ഗൃഹനിർമ്മാണപദ്ധതിപരസ്യം "നല്ലവീടുകൾ" പണിയേണ്ടവരുടെ ശ്രദ്ധക്കു വിഷയീഭവിക്കേണ്ടതാണ്. കണക്കുതെററി ഗൃഹങ്ങൾ നിർമ്മിച്ചാൽ ഉണ്ടാകുന്ന അനർത്ഥങ്ങൾ സീമാതീതമാണല്ലോ, ശ്രാദ്ധംമുതലായ പ്രത്യേകദിവസങ്ങളടങ്ങിയ പ്രസ്തുത പഞ്ചാംഗം എല്ലാ വീടുകളിലും അവശ്യം ആവശ്യമായിട്ടുള്ളതുതന്നെ. പ്രസാധകന്മാരെ ഞങ്ങൾ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

## ശ്രീമാൻ മൂർക്കോത്തു കുമാരൻ

ഭാഷാസാഹിത്യസാമ്രാജ്യത്തിൽ അനശ്വരയശസ്സുനേടി പരിലസിച്ച ശ്രീമാൻ മൂർക്കോത്തു കുമാരൻ അവർകൾ തന്റെ 67-ാമത്തെ വയസ്സിൽ, ജൂൺ 25-ാംനു- രാത്രി) 'ഗോകുല'മെന്ന തന്റെ ഭവനത്തിൽവെച്ച് നിര്യാതനായ വിവരം ഞങ്ങൾ സവ്യസനം രേഖപ്പെടുത്തിക്കൊള്ളുന്നു.

ശ്രീ കുമാരൻ 1939 ഡിസമ്പർ മാസം മുതൽ ശരീരത്തിന്നു തീരെ സുഖമല്ലാതായി മദിരാശി ജനറൽ ആസ്പത്രിയിൽ പോയി ഇംഗ്ലീഷു ചികിത്സ ചെയ്യുകയും അന്നുമുതൽ കുറച്ചുനാൾ രോഗത്തിനു സമാധാനമുണ്ടാകയും ചെയ്തു. പിന്നീട് അദ്ദേഹത്തിനു നാട്ടുചികിത്സയാണുണ്ടായത്. അതിൽ പറയത്തക്ക ഗുണമൊന്നുമുണ്ടായില്ല. രോഗം അർബുദമായിരുന്നു എന്നാണറിയുന്നത്. ശ്രീ. കുമാരന്നു മൂന്നു പുത്രന്മാരും ഒരു പുത്രിയുമാണുള്ളത്. അവരിൽ രണ്ടുപേർ ഉയർന്ന ഉദ്യോഗത്തിൽ സ്ഥിതിചെയ്യുന്നു. സാഹിത്യനഭോമണ്ഡലത്തിൽ തെളിഞ്ഞുവിളങ്ങിയ ഈ നക്ഷത്രം തന്റെ യശഃപ്രകാശത്തെ നാട്ടിൽ പരത്തിയതിന്റെ ശേഷം ഇതാ കാലയവനികക്കുള്ളിൽ തിരോധാനംചെയ്തിരിക്കുന്നു. വിശ്വവിശ്രുതനായ ശ്രീമാൻ കുമാരന്റെ നിര്യാണത്തിൽ ഞങ്ങൾ വളരെ വ്യസനിക്കയും ആ മഹാനുഭാവന്റെ ജീവാത്മാവിനു നിത്യശാന്തി അരുളുവാൻ സർവ്വാത്മനാ ജഗദീശ്വരനോടു പ്രാർത്ഥിക്കയും ചെയ്തുകൊള്ളുന്നു.

## ചരമശ്ലോകം.

കോലംബസ്സാക്ഷികൃത്യാദിതി നിജവസുധാവാസിനോ ന വ്യഥേരൻ
രോഗാതങ്കൈകശാലദായ് കലിരപി ന വിശേദത്ര പായാസ്തഥേതി
'ധീബന്ധും പ്രാപയൻ' ഭാസ്കര ഇവ സഹജം പൌരപുണ്യാപ്തമിന്ദും
ധർമ്മാത്മാ ഗോശ്രീയം സ്വാം * ചരമഗതിമഗാന്മാടഭൂപചക്രവർത്തി!!

* ഹരിപദമഗമ (പാഠാന്തരം.) കുന്നേഴത്തു പരമേശ്വരമേനോൻ

* ഇടവം രാജർഷിയിൽ ചേർപ്പാനയച്ചത്. (രാ. പ)

## വിശ്വമഹാകവി
## രവീന്ദ്രനാഥടാഗോർ ദിവംഗതനായി

കാളീഘട്ടത്തിലുള്ള സ്വന്തം മൂലഗൃഹത്തിൽവെച്ച്, ഇന്ന് (ആഗസ്റ്റ് 7-ാംനു-) മദ്ധ്യാഹ്നസമയത്ത് മഹാകവി രവീന്ദ്രനാഥടാഗോർ അന്തരിച്ചു. ഹ ! ഹ ! ഹ ! ഇത്രയും വേദനാജനകമായ ഒരു വാർത്ത വിശ്വത്തിൻെറ കർണ്ണപുടങ്ങൾ ഇതുവരേയും അനുഭവിച്ചിട്ടില്ലെന്നു തീർത്തു പറയാവുന്നതാണ് ശരീരാസ്വാസ്ഥ്യത്തിന്നു സമുചിതമായ ചികിത്സ നൽകുവാനായി ശാന്തിനികേതനത്തിൽ നിന്നു കല്ക്കത്തയിലേക്കു ഗുരുദേവനെ കൊണ്ടുവന്നിട്ടു കുറച്ചുദിവസമേ ആയിട്ടുള്ളു . ഒരു ശസ്ത്രക്രിയ നടത്തി തല്ക്കാലം സുഖമുണ്ടായി. ക്ഷീണം ക്രമേണ വർദ്ധിച്ചു നാലുദിവസംമുമ്പുവരെ സുബോധത്തോടെ വർത്തിച്ചു അസ്തമയത്തിന് അല്പം മുമ്പായിത്തന്നെ ഭാരതത്തിൻെറ രവി അസ്തമിച്ചു.

പൌരസ്ത്യങ്ങളും പാശ്ചാത്യങ്ങളുമായ സംസ്കാരപരിഷ്കാരങ്ങളുടെ കേദാരവും പുരാതനങ്ങളും അധുനാതനങ്ങളുമായ ജ്ഞാനവിജ്ഞാനരത്നങ്ങളെ സമുച്ചയിച്ചിണക്കിക്കോർത്തു പ്രകാശിപ്പിച്ചു വിശ്വത്തിൻെറ മുഴുവൻ ഹൃദയമാകർഷിച്ച കലാനിലയവും വാല്മീകികാളിദാസാദികളായ കവിരത്നങ്ങളുടെ തിരോധാനത്താലുണ്ടായ ഭാരതാംബയുടെ സന്താപത്തെ തീർക്കുവാനാവിർഭവിച്ച വിശ്വോത്തരമായ കവിരത്നവും, ഭാരതാംബയുടെ പാരതന്ത്ര്യവിമോചനത്തെ കണ്ടാനന്ദിപ്പാനത്യന്തം സമുത്സുകനായിപ്രവർത്തിച്ചിരുന്ന ഒരു ദേശാഭിമാനശേവധിയും, ഒരേ നിമിഷത്തിലിതാ നഷ്ടപ്പെട്ടുപോയിരിക്കുന്നു അതെ, ഭാരതാംബയുടെ ജീവാത്മപരമാത്മാക്കളിൽ ജീവാത്മാവിതാ തിരോധാനം ചെയ്തിരിക്കുന്നു

ഗുരുദേവൻെറ അന്തർദ്ധാനത്താലുളവായ അനന്തകോടി ജനതയുടെ അന്തരംഗസന്താപത്തിന്നു ശാന്തി നൽകുവാൻ ഗുരുദേവൻതന്നെ നമുക്കു നൽകിയിട്ടുള്ള ശാന്തിനികേതനവും, ശ്രീനികേതനവും, കവനകലാവിലാസവും നാം ആജീവനാന്തം ആദരിച്ചാരാധിച്ചു പോരേണ്ടതു നമ്മുടെ ഒഴിച്ചുകൂടാത്ത കടമയാകുന്നു.

"കുസുമസ്തബകസ്യേവ ദ്വയീ വൃത്തിർമനസ്വിനഃ ।
മൂർദ്ധ്നി വാ സർവ്വലോകസ്യ ശീർയ്യതേ വന ഏവ വാ" ॥

ഇവയിൽ ഒന്നാമത്തെ വൃത്തിക്കുതന്നെ സർവ്വഥാ പാത്രീഭൂതനായി തിരോധാനം ചെയ്ത ഗുരുദേവൻെറ ആത്മാവിന്ന് ഞങ്ങൾ നിത്യശാന്തി പ്രാർത്ഥിച്ചുകൊള്ളുന്നു.

## ദിവംഗതനായ രോഹണിനാൾ കേരളവർമ്മവലിയരാജാ—പൂഞ്ഞാർചീഫ്.

വിശ്വവിഖ്യാതമായ തിരുവിതാംകൂർ രാജവംശത്തോട് ഏററവും ബന്ധപ്പെട്ടിട്ടുള്ളതും പുരാതനകാലം മുതല്ക്കേ 'പത്മതൻനടനരംഗ'മായി പരിലസിക്കുന്നതും, സുപ്രസിദ്ധവുമായ പൂഞ്ഞാർ ദേശത്തിൻെറ അധിപതിയും ഞങ്ങളുടെ രാജർഷികലാനിലയത്തെ യഥോചിതം സ്നേഹിച്ചു വർത്തിച്ചുപോരുന്ന ദേഹവുമായ മ-- മ—ശ്രീ കേരളവർമ്മവലിയരാജാവു തിരുമനസ്സുകൊണ്ട് ഈ മാസം 25-ാം നു- ശനിയാഴ്ച കാലത്തു പൂങ്കുന്നത്തുള്ള സ്വന്തം കൊട്ടാരത്തിൽവെച്ച് ദിവംഗതനായ വിവരം അറിയുന്നതിൽ ഞങ്ങൾക്കുള്ള നിസ്സീമമായ സങ്കടത്തെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. അനായാസേന മരണമാണവിടേക്കുണ്ടായതു്. സത്യം, സനാതനഭക്തി, സാധുജനങ്ങളോടുള്ള അനുകമ്പ മുതലായ വിവിധഗുണങ്ങളിണങ്ങിയ തിരുമനസ്സുകൊണ്ട് ഒട്ടേറെക്കാലമായി വാതരോഗം നിമിത്തം കിടപ്പിലായിരുന്നു. അക്കാലത്തുണ്ടാക്കിയ ഒരു ഉത്തമകൃതിയാണ് "ശ്രീ ഗുരുവായുപുരേശസ്തവം" ഭക്തിസംവർദ്ധകങ്ങളായ 43 പദ്യങ്ങളിൽ അടങ്ങിയിരിക്കുന്ന ആശയവിശേഷങ്ങൾകൊണ്ടുതന്നെ അവിടുന്ന് ഒരു ഉത്തമകവിയാണെന്നുകൂടി അറിയുവാൻ വിഷമമില്ല

തിരുമനസ്സിലേക്കു രണ്ടുതവണ ഭാര്യാദുഃഖം ഉണ്ടായിട്ടുണ്ട്. രണ്ടു ഭാര്യമാരിലും പുത്രിമാരും പുത്രന്മാരും ഉണ്ടായിട്ടുണ്ട്. രണ്ടു ഭാര്യമാരും മരിച്ചുപോയതിനാൽ മൂന്നാമതൊരു ഭാര്യകൂടി ഉണ്ടായി. അതിൽ രണ്ടു കുട്ടികളാണുള്ളതു്, പുത്രന്മാരെയും പുത്രിമാരെയും വേണ്ടവിധം പരിപാലിച്ചും അവക്കു വിദ്യാഭ്യാസാദി ധനങ്ങൾ നൽകിയും മററും രക്ഷിച്ചു വരുന്നു

അഷ്ടവൈദ്യന്മാരിൽ ചിലരുടേയും അനേകം ഇംഗ്ലീഷ് ഡാക്ടർമാരുടേയും ചികിത്സകൾകൊണ്ട്, ഇദ്ദേഹത്തിൻെറ സുഖക്കേടിനു കുറവുണ്ടായില്ല. തൃശ്ശൂർ ആയുർവ്വേദാസ്പത്രിയിലെ പ്രധാന വൈദ്യൻ പി. വാസുദേവൻ നമ്പീശൻ അവർകളുടെ ചികിത്സയാണ് അവിടത്തെ സുഖക്കേടിനു വളരെ ആശ്വാസമുണ്ടാക്കിയതു്.

ഇക്കഴിഞ്ഞ മേടം 17-ാംനു- ഈ മഹാനുഭാവൻെറ ഷഷ്ട്യബ്ദപൂർത്തി മഹാമഹമായിരുന്നു. അന്ന് സാധുക്കൾക്കും മററുമായി വിഭവസമൃദ്ധമായ അന്നദാനാദികളും നടത്തി. ഒരു യതീശ്വരനെന്നോ രാജാവെന്നോ തോന്നുമാറുള്ള ഔദാര്യവും ഈശ്വരഭക്തിയും ബുദ്ധിശക്തിയും മററും തികഞ്ഞ ഈ മഹാനുഭാവൻെറ വിയോഗം സാധുക്കൾക്കും പൂഞ്ഞാറിടവകക്കാക്കും ആ രാജകുടുംബത്തിനും വലുതായ ഒരു നഷ്ടമാണെന്നുള്ളതിനു സംശയമില്ല. തിരുമനസ്സിലേക്ക് ഏററവും വിശ്വസ്തനായ ഒരു മഹാനാണ് മാനേജർ പരമേശ്വരൻ പിള്ള. ഇത്ര സ്വാമിഭക്തിയുള്ള—യജമാനപ്രീതിനേടിയ—ഒരു സഹൃദയനെ ഞങ്ങൾ കണ്ടിട്ടില്ല. രാജാവിനുപററിയ സചിവനാണദ്ദേഹം. മഹാനുഭാവനായ അദ്ദേഹത്തിനും രാജകുടുംബത്തിനും പ്രിയപ്പെട്ട ഭാര്യാപുത്രമിത്രാദികൾക്കും നേരിട്ട ഈ തീരാദുഃഖത്തിൽ ഞങ്ങളും നിർവ്യാജം വ്യസനിക്കയും ഈ പുണ്യപുരുഷൻെറ ആത്മാവിനു നിത്യശാന്തി അരുളുവാൻ സർവ്വശക്തനായ ജഗദീശ്വരനോടു പ്രാർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു.